# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## മലയോര വികസന ഏജൻസി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1779 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | മലയോര വികസന ഏജൻസി രൂപീകൃതമായത് എന്നാണെന്നും ഇതിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും പ്രസ്തുത ഏജൻസി വഴി എത്ര കോടി രൂപയുടെ പദ്ധതികളാണ് കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | 28-05-2012-ന് തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് പ്രകാരം മലയോര വികസന ഏജൻസി (ഹാഡ) രജിസ്റ്റർ ചെയ്തു.<br>സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 44/2017/ആസൂത്രണം തീയതി 27-12-2017 പ്രകാരം മലയോര വികസന ഏജൻസിയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പശ്ചിമഘട്ട സെല്ലിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.<br>മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ പശ്ചിമ ഘട്ട സെൽ ഏറ്റെടുത്ത ശേഷം പദ്ധതികളൊന്നും പുതിയതായി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ 5 വർഷമായി മലയോര വികസന ഏജൻസി വഴി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് അവയ്ക്ക് അനുവദിച്ച തുകയും വർഷവും സഹിതം വ്യക്തമാക്കാമോ ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | പ്രസ്തുത ഏജൻസി വഴി ഫണ്ട് ലഭിക്കേണ്ടുന്ന പദ്ധതികൾ ആർക്കാണ് സമർപ്പിക്കേണ്ടത്, 2017-18-ലെ പദ്ധതി | | ജോയിന്റ് ഡയറക്ടർ, പശ്ചിമഘട്ട സെല്ലിനാണ് സമർപ്പിക്കേണ്ടത്. എന്നാൽ മലയോര വികസന ഏജൻസി നിർത്തലാക്കിയതിനാൽ |

| | | | |
|---|---|---|---|
| | ക്കുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ യെന്നു വ്യക്തമാക്കുമോ; പദ്ധതിക്കാ യുള്ള അപേക്ഷകൾ സംബന്ധിച്ച് തീയതി സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | | 2017-18-ൽ പുതിയ പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ഹാഡ ഏറ്റെടുത്തു നടത്തിയിരുന്നതും പൂർത്തിയാകാത്തതുമായ സംസ്ഥാന പദ്ധതി കൾ പൂർത്തീകരിക്കുന്നതിന് 28-02-2018-വരെയും 31-03-2018-നകം കാലാവധിയുള്ള നബാർഡ് അധിഷ്ഠിത പദ്ധതികൾ 28.02.2018-നകവും പൂർത്തീകരിക്കേണ്ടതും ടി തീയതിക്ക് മുൻപ് ബന്ധപ്പെട്ട ബില്ലുകൾ എല്ലാ ജില്ലകളിലെയും ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടർമാർ മുഖേന പശ്ചിമഘട്ട ജോയിന്റ് ഡയറക്ടർക്ക് ലഭ്യമാക്കി ബിൽതുക നടപ്പു സാമ്പത്തിക വർഷംതന്നെ കൈപ്പറ്റേ ണ്ടതാണെന്നും നിഷ്കർഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

District : Pathanamthitta

*in Rupees*

| Sl. No | Block | Name of the Project | Scheme | Year | A. S. Amount | Fund Released |
|---|---|---|---|---|---|---|
| 1 | Konni | Myladupara Drinking Water Scheme' | DWSS | 2012-13 | 5000000 | 3305839 |
| 2 | Konni | Myladumpara Drinking Water Supply Scheme Pipe line Extension | DWSS | 2012-13 | 1100000 | 1013431 |
| 3 | Konni | Njavarakal Padi - Mannikoyikkal Road | Hill Roads | 2014-15 | 1000000 | 1000000 |
| 4 | Ranni | Gurunathan Mannu - Kunnam Road | Hill Roads | 2014-15 | 1000000 | 998994 |
| 5 | Ranni | Swami padi - Kottapara Road | Hill Roads | 2014-15 | 1000000 | 995044 |
| 6 | Konni | Iravan -Mukkudi DWSS | DWSS | 2015-16 | 2000000 | 292440 |
| 7 | Ranni | Check Dam in Angamoozhi Thodu (Cancelled Project) | RIDF-XXI | 2015-16 | 3000000 | |
| 8 | Ranni | Frouts & Vegitables | | 2012-13 | 2600000 | 2600000 |
| 9 | Konni | Frouts & Vegitables | | 2013-14 | 2600000 | 2600000 |
| | Elanthoor | Frouts & Vegitables | | 2013-14 | 2600000 | 2600000 |
| 10 | Konni | Bhagyalakshmi SHG | Sahyasree | 2013-14 | 200000 | 200000 |
| | Ranni | Iswaria SHG | Sahyasree | 2013-14 | 180000 | 180000 |
| | Konni | Babuji SHG | Sahyasree | 2014-15 | 165000 | 165000 |
| | | Total | | | 22445000 | 15950748 |